# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, 0471 2727379 email : obcdirectorate@gmail.com


**BCDD -A1-991/13** തീയതി :26/02/2019

## <u>വിജ്ഞാപനം</u>

വിഷയം:- പിന്നാക്ക വിഭാഗ വികസനം - പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്കുള്ള പെൻഷന് അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) സ.ഉ(സാധാ) നം.79/2013/പി.സ.വി.വ തീയതി 29.08.2013

2) സ.ഉ(സാധാ) നം.05/2018/പി.വി.വി.വ തീയതി 23.01.2018

---

മറ്റ് പെൻഷനുകൾ ഒന്നും ലഭിക്കാത്ത 60 വയസ്സ് കഴിഞ്ഞ, സംസ്ഥാനത്തെ വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ട (ആശാരിമാർ (മരം/ഇരുമ്പ്/കല്ല്), സ്വർണപ്പണിക്കാർ,മൂശാരികൾ) പരമ്പരാഗത തൊഴിലാളികൾക്ക് പ്രതിമാസം 1100/-രൂപ പെൻഷൻ അനുവദിയ്ക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. വകുപ്പിൽ നിന്ന് നിലവിൽ ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്നവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ ഇതര സ്ഥാപനങ്ങളിൽ നിന്നോ മറ്റു ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കുന്നതല്ല.

<u>അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ</u>

1. അപേക്ഷകൻ/അപേക്ഷക സംസ്ഥാനത്തെ വിശ്വകർമ്മ വിഭാഗത്തിലുൾപ്പെട്ട വ്യക്തി ആയിരിക്കണം.
2. അപേക്ഷകൻ/അപേക്ഷക കേരളീയനായിരിക്കണം
3. വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ അധികരിയ്ക്കരുത്.
4. 2019 ജനുവരി 1 ന് 60 വയസ്സ് പൂർത്തിയായിരിക്കണം,
5. **<u>മറ്റു കേന്ദ്ര/സംസ്ഥാന സർക്കാർ പെൻഷനുകൾ/ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവർക്ക് ഈ പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കുന്നതല്ല.</u>**
6. **<u>നിലവിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും ഇതേ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർ അപേക്ഷ സമർപ്പിക്കേണ്ടതില്ല.</u>**
7. അപേക്ഷാ ഫാറം **www.bcdd.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.
8. **<u>അപേക്ഷ സ്വീകരിയ്ക്കുന്ന അവസാന തീയതി - 2019 മാർച്ച് 10</u>**
9. അപേക്ഷകന്റെ പാസ്പോർട്ട് വലുപ്പത്തിലുള്ള ഫോട്ടോ പതിപ്പിച്ച പൂരിപ്പിച്ച അപേക്ഷാ ഫാറം , മറ്റു ക്ഷേമ പെൻഷനുകൾ ലഭിക്കുന്നില്ലായെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സെക്രട്ടറിയിൽ നിന്നുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം (മാതൃക അനുബന്ധമായി ചേർക്കുന്നു), റേഷൻ കാർഡിന്റെ ആദ്യ പേജുകളുടെ പകർപ്പ്, വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ, ആധാർ കാർഡിന്റെ പകർപ്പ്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജിന്റെ പകർപ്പ് എന്നിവ സഹിതം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ആഫീസിലേക്ക് അയയ്ക്കേണ്ടതാണ്.

## അപേക്ഷയും അനുബന്ധ രേഖകളും അയക്കേണ്ട വിലാസം

| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ 7 ജില്ലകളിലെ അപേക്ഷകർ | തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലെ അപേക്ഷകർ |
|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (രണ്ടാം നില), കാക്കനാട്,<br>എറണാകുളം - 682030<br>ഫോൺ/ഫാക്സ് : 0484-2429130<br>*email: bcddekm@gmail.com* | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (ഒന്നാം നില),<br>കോഴിക്കോട് - 673020<br>ഫോൺ : 0495-2377786<br>*Email: bcddkkd@gmail.com* |

10. അപേക്ഷയും അനുബന്ധ രേഖകളും നൂൽ ഉപയോഗിച്ച് തുന്നിക്കെട്ടി 32cm x 25 cm വലിപ്പത്തിലുള്ള കവറിൽ അയക്കേണ്ടതാണ്. കവറിനു പുറത്ത് **"വിശ്വകർമ്മ പെൻഷനുള്ള അപേക്ഷ (2018-19)"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.
11. പെൻഷൻ തുക അപേക്ഷരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് വിതരണം നടത്തുന്നത്. ആയതിനാൽ അപേക്ഷയോടൊപ്പം അപേക്ഷകന്റെ പേരിലുള്ള ലൈവ് ആയ ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പ് ആണ് ലഭ്യമാക്കേണ്ടത്.

**(ഒപ്പ്)**
**ഡയറക്ടർ**

**ആജ്ഞാനുസരണം**

**സൂപ്രണ്ട്**

പകർപ്പ്

1) ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2) അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം
3) ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
4) പ്രിൻസിപ്പൽ ഡയറക്ടർ, ഏകോപിത തദ്ദേശ സ്വയംഭരണ വകുപ്പ്
5) ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
6) കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്
7) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിവിവിവ - എറണാകുളം/കോഴിക്കോട്
8) ഐ.ടി ഡിവിഷൻ കോർഡിനേറ്റർ - പി.വി.വി.വ.
9) ഡയറക്ടറുടെ മേശമേൽ
10) നോട്ടീസ് ബോർഡ്
11) കരുതൽ/അധികം

**പിവിഎസ് 25.02.19**

ജില്ല :

അപേക്ഷാ നമ്പർ :

കേരളസർക്കാർ

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

150 YEARS OF CELEBRATING THE MAHATMA

## വിശ്വകർമ്മജർക്കുള്ള പെൻഷൻ - അപേക്ഷ

ഇവിടെ ഫോട്ടോ പതിക്കുക

1. അപേക്ഷകന്റെ പേര് :
2. മതം / ജാതി/ഉപജാതി* :
3. വയസ്സ്
4. ജനന തീയതി
5. ആൺ / പെൺ
6. കുടുംബ വാർഷിക വരുമാനം*
7. APL / BPL
8. റേഷൻ കാർഡ് നമ്പർ*
9.

| സ്ഥിര മേൽവിലാസം | ഇപ്പോഴത്തെ മേൽവിലാസം (ജില്ല, പിൻകോഡ് എന്നിവ സഹിതം) |
|---|---|
| | |
| മൊബൈൽ നമ്പർ : | ഫോൺ നമ്പർ : |

10. ആധാർ നമ്പർ

11.

| | |
|---|---|
| താലൂക്ക് | |
| ബ്ലോക്ക് | |
| പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര് | |
| വാർഡ് നമ്പരും, വീട്ട് നമ്പരും | |
| നിയമസഭാ മണ്ഡലം | |

12. നിലവിൽ ഏതെങ്കിലും പെൻഷൻ കൈപ്പറ്റുന്നുണ്ടോ ഉണ്ടെങ്കിൽ ഏത് ഏജൻസിയിൽ നിന്ന്, ലഭിക്കുന്ന തുക തുടങ്ങിയ വിശദാംശങ്ങൾ :

| ഉണ്ട് | ഇല്ല |
|---|---|

13. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

| | |
|---|---|
| ബാങ്കിന്റെ പേര് | |
| ബ്രാഞ്ച് | |
| അക്കൗണ്ട് ഹോൾഡറുടെ പേര് (ഇംഗ്ലീഷിൽ) | |
| അക്കൗണ്ട് നമ്പർ | |
| IFS കോഡ് | |

14. മകൻ/മകൾ/ഭാര്യ/ഭർത്താവ്/ബന്ധുവിന്റെ പേരും, മൊബൈൽ നമ്പരും :

**സത്യപ്രസ്താവന**

അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന മുഴുവൻ വിവരങ്ങളും സത്യമാണെന്നും, എനിക്ക് മറ്റ് യാതൊരു വിധ ക്ഷേമ പെൻഷനുകളും ലഭ്യമാകുന്നില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഏതെങ്കിലും വിവരങ്ങൾ വ്യാജമാണെന്ന് തെളിയുന്ന പക്ഷം എനിക്ക് ലഭ്യമാകുന്ന മുഴുവൻ തുകയും തിരിച്ചടയ്ക്കാമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ പേരും ഒപ്പും

---

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

മറ്റ് ക്ഷേമ പെൻഷനുകൾ ഒന്നും ലഭിക്കുന്നില്ലായെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം / റേഷൻ കാർഡിന്റെ ആദ്യ പേജുകളുടെ പകർപ്പ് / ജാതി സർട്ടിഫിക്കറ്റ് / വരുമാന സർട്ടിഫിക്കറ്റ് /വയസ്സ് തെളിയിക്കുന്ന രേഖ/ ആധാർ കാർഡിന്റെ പകർപ്പ് / അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് (അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി എന്നിവ വ്യക്തമായിരിക്കണം)

---

**ഓഫീസ് ആവശ്യത്തിന്**

---

| അയക്കേണ്ട വിലാസം | |
|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ 7 ജില്ലകളിലെ അപേക്ഷകർ | തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലെ അപേക്ഷകർ |
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (രണ്ടാം നില), കാക്കനാട്,<br>എറണാകുളം - 682030 | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (ഒന്നാം നില), കോഴിക്കോട് - 673020 |

**അനുബന്ധം**

# സാക്ഷ്യപത്രം

.......................................................ജില്ലയിൽ ...................................................താലൂക്കിൽ ....................................................വില്ലേജിൽ.............................................................ദേശത്ത് സ്ഥിരതാമസക്കാരനായ ....................................................................................................

.....................................................................(അപേക്ഷകന്റെ പേരും മേൽവിലാസവും) എന്ന വ്യക്തി പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടയാളാണെന്നും, ടി തൊഴിലിൽ ഏർപ്പെട്ടിരുന്നുവെന്നും, ടിയാൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിൽ നിന്ന് ഉൾപ്പടെ മറ്റ് ക്ഷേമ പെൻഷനുകളൊന്നും തന്നെ ലഭിക്കുന്നില്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ സാക്ഷ്യപത്രം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ പെൻഷനായി അപേക്ഷിക്കുന്നതിന് വേണ്ടി മാത്രം അനുവ ദിക്കുന്നു.

സ്ഥലം : ..................................

തീയതി : ....................................

ആഫീസ് സീൽ

സെക്രട്ടറിയുടെ
പേരും ഒപ്പും ഡെസിഗ്നേഷൻ സീലും*

*** ആഫീസ് സീലും ഡെസിഗ്നേഷൻ സീലും പതിക്കാത്ത സാക്ഷ്യപത്രങ്ങൾ സ്വീകരിക്കുന്നതല്ല**